I/58520/2023

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- പൊതുസ്ഥലംമാറ്റം 2021- ഡോ. ഷൈനി.വി.എസ്,ജൂനിയർ കൺസൾട്ടൻറ് (ഗൈനക്കോളജി) ഹാജർ രേഖപ്പെടുത്താതെ ജോലിയിൽ തുടർന്ന കാലയളവ് ക്രമപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. ഉത്തരവ് നം. ഇഎ1- 89242/2021/ആ.വ.ഡ തീയതി 13.05.2022
2. G.O(Rt) No. 410/2023/H&FWD dated 21.02.2023
3. കത്ത് നം. എ1-1280/ 2023 /ജി .മെ.ഓ (ആ) തീയതി 25.04.2023

**ഉത്തരവ് നം. ഇ.എ1-9809/2023/ആ.വ.ഡ തീയതി : 26-06-2023**

കായംകുളം താലൂക്ക് ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയ ഡോ. ഷൈനി വി. എസ് നെ 2021 ലെ പൊതു സ്ഥലം മാറ്റത്തിൽ പത്തനംതിട്ട കോന്നി താലൂക്ക് ആശുപത്രിയിലേയ്ക്കും പകരം ഹരിപ്പാട് താലൂക്ക് ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയിരുന്ന ഡോ. ജിഷ ജയപ്രകാശിനെ കായംകുളം താലൂക്ക് ആശുപത്രിയിലേയ്ക്കും സ്ഥലം മാറ്റിയിരുന്നു. എന്നാൽ ടി ഉത്തരവിനെതിരെ ഡോ. ഷൈനി വി. എസ്, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഒ.എ ഫയൽ ചെയ്യുകയും ആയതിന്റെ ഇടക്കാല ഉത്തരവിൽ സ്ഥലമാറ്റം 3 ആഴ്ചത്തേയ്ക്ക് മരവിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ടി ഉത്തരവ് ലഭ്യമാകുന്നതിന് മുൻപ് തന്നെ ഡോ. ജിഷ ജയപ്രകാശ് കായംകുളം താലൂക്ക് ആശുപത്രിയിൽ ജോലിയിൽ പ്രവേശിക്കുകയും ഡോ. ഷൈനി വി. എസ് നെ വിടുതൽ ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ സ്ഥലമാറ്റ ഉത്തരവ് മരവിപ്പിച്ച സാഹചര്യത്തിൽ ഡോ. ഷൈനി. വി. എസ് കായംകുളം താലൂക്ക് ആശുപത്രിയിൽ തന്നെ തുടർന്നും ഹാജരായിരുന്നു എന്നും എന്നാൽ ഡോ. ജിഷ ജയപ്രകാശ് ഹാജർ പുസ്തകത്തിൽ ഒപ്പ് രേഖപ്പെടുത്തിയിരുന്നതിനാൽ ഡോ. ഷൈനി. വി. എസ് ഒപ്പ് രേഖപ്പെടുത്തിയിരുന്നില്ല എന്നും പരാമർശം (3) പ്രകാരം സൂപ്രണ്ട് അറിയിച്ചിരിക്കുന്നു. പരാമർശം (2) പ്രകാരമുള്ള പ്രസ്തുത ഒ.എ യുടെ അനുപാലന ഉത്തരവിൽ ഡോ. ഷൈനി വി. എസ് നെ കായംകുളം താലൂക്ക് ആശുപത്രിയിൽ തന്നെ നിലനിർത്തിക്കൊണ്ടും ഡോ. ജിഷ ജയപ്രകാശിനെ കോന്നി താലൂക്ക് ആശുപത്രിയിലേയ്ക്കും മാറ്റി ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഡോ. ഷൈനി വി. എസ് കായംകുളം താലൂക്ക് ആശുപത്രിയിൽ ഹാജർ രേഖപ്പെടുത്താതെ ജോലിയിൽ തുടർന്ന കാലയളവ് (17.05.2022 മുതൽ 15.06.2022 വരെ) കെ.എസ്.ആർ ചട്ടം 12 ഖണ്ഡിക 7 ന്റെ കീഴിലെ കുറിപ്പ് നം.4 ലെ വ്യവസ്ഥകൾ പ്രകാരം ഡ്യൂട്ടിയായി പരിഗണിച്ച് ക്രമപ്പെടുത്തി ഉത്തരവാകുന്നു.

Signed by
Reena K J
Date: 26-06-2023 08:55:46

ഡോ.റീന.കെജെ
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ഡോ. ഷൈനി. വി. എസ് , ജൂനിയർ കൺസൾട്ടൻറ് (ഗൈനക്കോളജി)

പകർപ്പ് :
1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), ആലപ്പുഴ
3. സൂപ്രണ്ട്, താലൂക്ക് ആശുപത്രി, കായംകുളം
4. ഫയൽ/ കരുതൽ ഫയൽ